## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5809 02/07/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ ആധുനികവൽക്കരണം

ചോദ്യം

**ശ്രീ.എം. രാജഗോപാലൻ**
**ശ്രീ.പി.കെ. ശശി**
**ശ്രീ. വി. അബ്ദുറഹിമാൻ**
**ശ്രീ.ജോൺ ഫെർണാണ്ടസ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടത്തിവരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈ സേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈ സേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശാദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർ ഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ട്. ഭരണചെലവ് കുറയ്ക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുമായി സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളും പദ്ധതികളും ലയിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | വിവിധ ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് കാര്യക്ഷമമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി പ്രകാരം അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അതിനായുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ? | (സി) | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്. ഇതിനായി 6-ാം നമ്പർ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധന സഹായമായി 15,000/ രൂപ വരെ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. പ്രസവ തീയതി മുതൽ 90 ദിവസത്തിനകം ഇതിനായി 1-ാം നമ്പർ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഒരു വർഷം തുടർച്ചയായി അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺ മക്കൾക്കും പദ്ധതിയിലെ വനിത അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് സഹായമായി 10,000/ രൂപ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് രണ്ട് തവണ മാത്രമേ ലഭിക്കുകയുള്ളൂ. കുടുംബത്തിലെ മാതാവും പിതാവും പദ്ധതിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. വിവാഹ ധന സഹായത്തിന് 13-ാം നമ്പർ അപേക്ഷ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാ ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്. പെൻഷനുള്ള അപേക്ഷ 7-ാം നമ്പർ ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. പദ്ധതി യിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. കുടുംബ പെൻഷനുള്ള |

| | | | |
|---|---|---|---|
| | | | അപേക്ഷ 8-ാം നമ്പർ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50% ന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,200/രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതി അംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സു കൾക്ക് 750/ രൂപ മുതൽ 2,500/ രൂപ വരെ വിദ്യാഭ്യാസ ആനുകൂല്യമായി പ്രതിവർഷം നൽകി വരുന്നു. കോഴ്സിൽ പ്രവേശനം കിട്ടി 60 ദിവസത്തിനകം വിദ്യാഭ്യാസ ആനുകൂല്യത്തിനുവേണ്ടി 11-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ രജിസ്റ്ററിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾ ക്കായി 1,000/ രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തി നുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ